**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1187

02.03.2017-ൽ മറുപടിയ്ക്ക്

**കുടിയൊഴിപ്പിച്ച കച്ചവടക്കാർക്ക് നഷ്ടപരിഹാരതുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ജോൺ ഫെർണാണ്ടസ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കച്ചേരിപ്പടി മുതൽ പഷ്ണിത്തോട് പാലം വരെ റോഡ് വീതി കൂട്ടി പുനരുദ്ധരിക്കുന്നതിനായി കുടിയൊഴിപ്പിച്ച കച്ചവടക്കാർക്ക് നൽകാമെന്നേറ്റിരുന്ന നഷ്ടപരിഹാര തുക നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;<br>(ബി) ഈ തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (എ) & (ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കച്ചേരിപ്പടി മുതൽ പഷ്ണിത്തോട് പാലം വരെ റോഡ് വീതി കൂട്ടി പുനരുദ്ധരിക്കുന്നതിനു വേണ്ടി ഏറ്റെടുത്ത കെട്ടിടങ്ങളുടെയും ഭൂമിയുടെയും മുഴുവൻ തുകയും പൊതുമരാമത്ത് വകുപ്പ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ കെട്ടിവെച്ച തുകയിൽ നിന്നും കൊടുത്തു കഴിഞ്ഞതാണ്. വാടകക്കാരായ കച്ചവടക്കാർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന വിവരമാണ് തഹസീൽദാർ, ലാന്റ് അക്വിസിഷൻ (ജനറൽ) കാക്കനാട് അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ